**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3772 — 17.10.2011 ൽ മറുപടിക്ക്

## മാവേലിക്കരയിൽ നിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| --- | --- |
| (എ) ദീർഘദൂര അന്തർ സംസ്ഥാന സർവ്വീസുകളില്ലാത്തതിനാൽ മാവേലിക്കര മണ്ഡലത്തിലെ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കരയിൽ നിന്നും സുൽത്താൻ ബത്തേരി, പാലക്കാട്, ഗുരുവായൂർ, കൊടുങ്ങല്ലൂർ, തൃശ്ശൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഓരോ ദീർഘദൂര സർവ്വീസുകൾ ഇപ്പോൾ കെ.എസ്.ആർ.ടി.സി നടത്തി വരുന്നുണ്ട്. പുറമെ തെങ്കാശിയിലേക്ക് ഒരു അന്തർ സംസ്ഥാന സർവ്വീസും നടത്തുന്നുണ്ട്. |
| (ബി) മാവേലിക്കരയിൽ നിന്നും ധാരാളം പേർ ബാംഗ്ളൂരിലും മറ്റും ജോലിചെയ്തുവരുന്നതിനാൽ ഇവിടെ നിന്നും ബാംഗ്ളൂരിലേക്ക് ദീർഘദൂര സർവ്വീസ് ആരംഭിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ ? | (ബി) മാവേലിക്കരയിൽ നിന്നും ധാരാളം ആൾക്കാർ ബാംഗ്ളൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് ജോലി സംബന്ധമായി യാത്ര ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കർണ്ണാടക സംസ്ഥാനവുമായി നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ ബാംഗ്ളൂരിലേക്ക് സർവ്വീസ് വേണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ